Dated : 21/09/2021

# കുറ്റാന്വേഷണ മികവിനുള്ള ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങി

കൊല്ലം : കുറ്റാന്വേഷണ മികവിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഹോണർ ബഹുമതി കൊല്ലം സിറ്റി പോലീസിലെ പത്ത് ഉദ്യോഗസ്ഥർ ഏറ്റുവാങ്ങി. തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽവച്ചാണ് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തത്



കൊല്ലം സിറ്റിപോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്, അഡീ. എസ്സ്.പി ജോസി ചെറിയാൻ അടക്കമുള്ളവരാണ് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങിയത്. സംസ്ഥാനം ഒട്ടുക്ക് 286 പോലീസുദ്യോഗസ്ഥർക്കാണ് വിവിധ മേഖലകളിലെ മികവിന് ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരങ്ങൾ വിതരണം ചെയ്തത്. ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി ഐ.പി.എസ്സ്, അഡീഷണൽ എസ്സ്.പി ജോസി ചെറിയാൻ, ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണർ ബി.ഗോപകുമാർ, സബ്ബ് ഇൻസ്പെക്ടർമാരായ അനിൽകുമാർ.വി, നിസാം. എ, അമൽ.സി, താഹക്കോയ, എ.എസ്സ്.ഐ നിയാസ്.എ, സി.പി.ഓ സാജൻ ജോസ് എന്നിവരാണ് കൊല്ലം സിറ്റിയിൽ നിന്നും കുറ്റാന്വേഷണ മികവിനുള്ള പുരസ്ക്കാരം സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ഏറ്റുവാങ്ങിയത്. കൂടാതെ കൊല്ലം സിറ്റി പരിധിയിൽ ട്രാഫിക്ക് പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തി അപകടങ്ങൾ കുറയ്ക്കുന്നതിന് മികച്ച പ്രവർത്തനം കാഴ്ചവച്ച ട്രാഫിക്ക് പോലീസ് സ്റ്റേഷൻ എസ്സ്.എച്ച്.ഓ പ്രദീപ്. പി യും ബാഡ്ജ് ഓഫ് ഹോണർ ബഹുമതി ഏറ്റുവാങ്ങി.

ബ്യൂട്ടിഷ്യൻ അദ്ധ്യാപികയെ പാലക്കാട് വച്ച് കൊലപ്പെടുത്തിയ കേസിന്റെ ചുരുളഴിച്ച അന്വേഷണോദ്യോഗസ്ഥർക്കാണ് കുറ്റന്വേഷണ മികവിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പുരസ്ക്കാരം ലഭിച്ചത്.

ഇടുക്കി നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പെൺകുട്ടിയെ കാണാതയതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ സംഭവത്തിന് മനുഷ്യക്കടത്തുമായി ബന്ധമുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ഈ മനുഷ്യക്കടത്ത് സംഘത്തെ പിടികൂടുകയും ചെയ്തതിന് അന്നത്തെ ഇടുക്കി ജില്ലാ പോലീസ് മേധാവിയായിരുന്നതും നിലവിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണറുമായ നാരായണൻ റ്റി ഐ.പി.എസ്സ് 2019 ലെ ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരം ലഭിച്ചിരുന്നു. രാജ്യാന്തര ബന്ധമുള്ള കുപ്രസിദ്ധ അധോലോക കുറ്റവാളി രവിപൂജാരി പ്രതിയായ കേസിലെ അന്വേഷണ മികവിന് അന്നത്തെ എറണാകുളം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്സ്.പിയായിരുന്ന കൊല്ലം അഡീഷണൽ എസ്.പി ജോസി ചെറിയാനും 2019 ൽ കുറ്റാന്വേഷണ മികവിനുള്ള പുരസ്ക്കാരം ലഭിച്ചിരുന്നു. 2020 ലും ഇരുവരും വീണ്ടും കുറ്റാന്വേഷണ മികവ് തെളിയിച്ച് അവാർഡിന് അർഹരായി. തുടർച്ചയായ രണ്ടാം തവണയാണ് കുറ്റാന്വേഷണ മികവിനുള്ള പുരസ്ക്കാരം സിറ്റി പോലീസ് മേധാവിക്കും അഡീ. എസ്.പിക്കും ലഭിക്കുന്നത്.

Dated : 21/09/2021

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച് ഗർഭിണിയാക്കിയ യുവാവ് അറസ്റ്റിൽ

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. തേവലക്കര വില്ലേജിൽ കോയിവിള മുറിയിൽ തോട്ടിൻകര വീട്ടിൽ ജാലലുദ്ദീൻകുഞ്ഞ് മകൻ കഹാർ (29) ആണ് പോലീസ് പിടിയിലായത്. പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകി കഴിഞ്ഞ ഫെബ്രുവരി അവസാന വാരം ഇയാളുടെ പാവുമ്പായുള്ള ബന്ധുവീട്ടിലെത്തിച്ചായിരുന്നു പീഢനം. തുടർന്ന് ഇയാൾ പെൺകുട്ടിയുടെ വീട്ടിലെത്തിയും പലതവണ പീഢിപ്പിച്ചു. ശാരീരിക അസ്വസ്ഥകളെ തുടർന്ന് പെൺകുട്ടി കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലും തുടർന്ന് വണ്ടാനം മെഡിക്കൽ കോളേജിലും ചികിത്സതേടി. ചൈൽഡ് പ്രഗ്നൻസി ബോദ്ധ്യപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രി അധികൃതർ വിവരം കൊല്ലം ശിശുസംരക്ഷണസമിതിക് കൈമാറുകയും പോലീസിൽ അറിയിക്കുകയും ചെയ്തു. തുടർന്ന് പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ തെക്കുംഭാഗം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യ്ത് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. തെക്കുംഭാഗം ഇൻസ്പെക്ടർ ദിനേഷ് കുമാർ. എം, സബ്ബ് ഇൻസ്പെക്ടർമാരായ സുജാതൻ പിള്ള.എം, വിജയകുമാർ.സി.പി, എ.എസ്സ്.ഐ ക്രിസ്റ്റിൻ ആന്റണി, എസ്സ്.സി.പി.ഓ സലീന മഞ്ജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.


കഹാർ (29)

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ് റിസോർട്ടുടമയും ഏജന്റും അറസ്റ്റിൽ

കൊല്ലം : നഗരത്തിലെ സ്വകാര്യ സ്ക്കൂളിൽ പഠിക്കുന്ന പതിനഞ്ച്കാരിയെ പ്രലോഭിച്ച് കൂട്ടികൊണ്ട് പോയി ബലാൽസംഗം ചെയ്യുന്നതിന് ഏജന്റായി പ്രവർത്തിച്ചയാളും റിസോർട്ട് ഉടമയും പോലീസ് പിടിയിലായി. ഈ കേസിലേക്ക് പെൺകുട്ടിയെ ബലാൽസംഗം ചെയ്ത കൂട്ടിക്കട രത്നവിഹാറിൽ രാജേന്ദ്രൻ മകൻ രാഹുലടക്കം രണ്ട് പേർ കഴിഞ്ഞ ദിവസങ്ങളിൽ പോലീസ് പിടിയിലായിരുന്നു. വർക്കലയിലെ സ്വകാര്യ റിസോർട്ട് കേന്ദ്രീകരിച്ച് അധാർമ്മികപ്രവർത്തനം നടത്തുന്ന സംഘത്തിലുള്ളവരാണ് പോലീസ് നീക്കത്തിൽ പിടിയിലായത്. കേവലം സാമ്പത്തിക ലാഭത്തിനായാണ് ഇവർ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിക്കുന്നതിന് സൗകര്യം ചെയ്തുനൽകിയത്. റിസോർട്ട് ഉടമയായ തിരുവനന്തപുരം വർക്കല വില്ലേജിൽ കരുനിലക്കോട് ദിലി ദിൻസ് വീട്ടിൽ ഷൺമാതുരൻ മകൻ ദിനകർ (54),


ദിനകർ (54)


റഫീക്ക് (30)

Dated : 21/09/2021

ഏജന്റായി പ്രവർത്തിച്ച തിരുവനന്തപുരം വർക്കല താലൂക്കിൽ ഇടവ വില്ലേജിൽ കട്ടുംപുറം ദേശത്ത് പുറ്റിൽ ക്ഷേത്രത്തിന് സമീപം കാട്ടുംപുറം പനമുട്ടം വീട്ടിൽ മുഹമ്മദ് യൂസഫ് മകൻ ഷിബു എന്നു വിളിക്കുന്ന റഫീക്ക് (30) എന്നിവരാണ് പോലീസ് പിടിയിലായത്. സാമൂഹ്യമാധ്യമം വഴിയുള്ള ബന്ധപ്പെടൽ വഴിയാണ് പ്രതികൾ റിസോർട്ടിൽ പീഡനത്തിന് സൗകര്യം ഒരുക്കി നൽകിയത്. ഇവരെ വർക്കല നിന്നും പോലീസ് സംഘം പിടികൂടുകയായിരുന്നു. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷിന്റെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ രജീഷ്, രാജ്മോഹൻ സി.പി.ഓ മാരായ രാജഗോപാൽ, ശ്രീകൃഷ്ണ, വിനോദ്, രഞ്ജിത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ റിമാന്റ് ചെയ്തു.

## സാമൂഹ്യ മാധ്യമത്തിലൂടെ യുവതിയുടെ അശ്ലീല ചിത്രം പ്രചരിപ്പിച്ചയാൾ പോലീസ് പിടിയിലായി


രാജേഷ് കുമാർ

കൊല്ലം : യുവതിയുടെ നഗ്നചിത്രം സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചയാൾ പോലീസ് പിടിയിലായി. പത്തനംതിട്ട ജില്ലയിൽ റാന്നി നെല്ലിക്കമൺ ചെറിയമൂഴി തടത്തിൽ വീട്ടിൽ ഷാജി മകൻ രാജേഷ് കുമാർ (32) ആണ് പോലീസ് പിടിയിലായത്. വ്യാജ ഫേയ്സ് ബുക്ക് അക്കൗണ്ടിലൂടെയാണ് ഇയാൾ ഭർതൃമതിയും ഒരു കുട്ടിയുടെ അമ്മയുമായ യുവതിയുമായി ചങ്ങാത്തതിലായത്. തുടർന്ന് യുവതിയുടെ വിശ്വാസം പിടിച്ചുപറ്റിയ ഇയാൾ സാമൂഹ്യമാധ്യമത്തിലൂടെ ചാറ്റിൽ യുവതിയെ കൊണ്ട് നിർബന്ധിച്ച് നഗ്നത പ്രദർശിപ്പിച്ചു. യുവതിയുടെ നഗ്ന ദൃശ്യങ്ങൾ ഇയാൾതന്റെ ഫോണിൽ റിക്കോർഡ് ചെയ്യുകയും ചെയ്തു. ഈ അശ്ലീല ദൃശ്യങ്ങൾ ഭർത്താവിന് അയച്ച് കൊടുത്ത് വിവാഹ ബന്ധം തകർക്കും എന്ന് ഭീഷണിപ്പെടുത്തിയാണ് ഇയാൾ യുവതിയെ ബലാൽസംഗം ചെയ്തത്. യുവതിയുടെ ഭർതൃ ഗൃഹത്തിൽ വച്ചാണ് പീഡനം ഉണ്ടായത്. തുടർച്ചയായ ശല്യപ്പെടുത്തലുകളെ തുടർന്ന് യുവതി എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ നഗ്നദൃശ്യങ്ങൾ ഇയാൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്ക് വയ്ക്കുകയായിരുന്നു. യുവതിയുടെ പരാതിയിൽ ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത പോലീസ് വ്യാജ അക്കൗണ്ടിന്റെ ഐ.പി അഡ്രസ് വഴിയാണ് റാന്നി സ്വദേശിയായ പ്രതിയിലേക്ക്എത്തിചേർന്നത്. തെക്കുംഭാഗം ഇൻസ്പെക്ടർ ദിനേഷ് കുമാർ. എം, എസ്സ്.ഐമാരായ സുജാതൻപിള്ള.എം, വിജയകുമാർ. സി.പി, എ.എസ്സ്.ഐ ക്രിസ്റ്റിൻ ആന്റണി, എസ്സ്.സി. പി.ഓ സലീന മഞ്ജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ റാന്നിയിൽ നിന്നും പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

Dated : 21/09/2021

# 2400 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

കൊല്ലം : നഗരത്തിൽ വാഹന പരിശോധനയ്ക്കിടെ പിക്ക അപ്പ്വാനിൽ നിന്നും 2400 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. വാടി പുകയില പണ്ടകശാല റോഡിൽ വച്ചാണ് പിക്ക്അപ്പ് വാനിൽ കൊണ്ടുവരികയായിരുന്ന പുകയില ഉൽപ്പനങ്ങൾ പിടി കൂടുകയായിരുന്നു. വാഹന പരിശോധനയ്ക്കായി പോലീസ് സംഘം പിന്നിലെ ടാർപ്പാളിൻ നീക്കിയ സമയം ഡ്രൈവർ ഓടി രക്ഷപെടുകയായിരുന്നു. തുടർന്ന പോലീസ് നടത്തിയ പരിശോധനയിൽ ചാക്ക് കെട്ടുകളിലായി നിരോധിത പുകയില ഉത്പന്നങ്ങൾ കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. വാഹനത്തിൽ 2400 പായ്ക്കറ്റ് ശംഭുവിന്റെ പായ്ക്കറ്റുകൾ കണ്ടെത്തുകയായിരുന്നു. വാഹനത്തിൽ നിരോധിത പുകയില കടത്തുന്നുവെന്ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ കണ്ടെത്തിയത്. പുകയിലയും വാഹനവും പോലീസ് കസ്റ്റഡിയിൽ എടുത്തു. പള്ളിത്തോട്ടം ഇൻസ്പെക്ടർ ആർ. ഫയാസ് എസ്സ്.ഐ ജിബി വി.എൻ, എ.എസ്സ്.ഐ സജീവ് എൻ.ആർ, എസ്.സി.പി.ഓ മാരായ അനീഷ് കുമാർ, ജഗദീഷ് എന്നിവരടങ്ങിയ സംഘമാണ്ഇവ പിടികൂടിയത്.